ഭരണഭാഷ - മാതൃഭാഷ

**ഇഎ2/29268/18/ഡി.ടി.ഇ നമ്പർ മേലെഴുത്ത് തീയതി : 30.01.2024**

മെഡിസെപ്പുമായി ബന്ധപ്പെട്ടുള്ള സർക്കാർ സർക്കുലർ വകുപ്പിന് കീഴിലെ എല്ലാ ഓഫീസ് / സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു. സർക്കാർ സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വകുപ്പിന് കീഴിലെ എല്ലാ ഓഫീസ്/ സ്ഥാപന ഡി.ഡി.ഒ മാർ **31.01.2024**നു ലഭ്യമാക്കേണ്ടതാണ് എന്നുള്ള വിവരം അറിയിക്കുന്നു. വിവരങ്ങൾ ലഭ്യമാക്കാൻ വീഴ്ച വരുത്തുന്ന പക്ഷം സ്ഥാപന ഡി. ഡി. ഒ മാർ പൂർണ ഉത്തരവാദികളായിരിക്കും. മെഡിസെപ് സൈറ്റിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങളുടെ വീഡിയോ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നു കൂടി അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:-
1. വകുപ്പിന് കീഴിലെ എല്ലാ ഓഫീസ്/സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
Nazarudeen A
Date: 30.01.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #36 of File EA2/29268/18/DTE Approved by Administrative Assistant on 30-Jan-2024 03:28 PM - Page 1

കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

## പരിപത്രം

**നം.06/2024/ധന** **തിരുവനന്തപുരം, തീയതി: 19/01/2024**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP)- രണ്ടാം പോളിസി വർഷം ഒഴിവാക്കപ്പെടേണ്ടവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 23/06/2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 70/2022/ധന

2) 24/06/2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 71/2022/ധന

സംസ്ഥാന സർക്കാർ, യൂണിവേഴ്സിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപന ജീവനക്കാർ, പെൻഷൻകാർ, അവരുടെ ആശ്രിതർ എന്നിവർക്കായി നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ രണ്ടാം പോളിസി വർഷം 01/07/2023 മുതൽ ആരംഭിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് മുൻകൂറായി നൽകുന്ന പ്രീമിയം തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ക്രമീകരിക്കുന്നതും അതുമായി ബന്ധപ്പെട്ടിട്ടുള്ള കണക്കു ശീർഷകങ്ങൾ സംബന്ധിച്ചും സൂചന 2 -ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാം വർഷ പോളിസി കാലാവധി മുതൽ രണ്ടാം പോളിസി വർഷത്തിൽ ഇത് വരെ സർക്കാർ മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് കരാർ പ്രകാരം നൽകിയിട്ടുള്ള പ്രീമിയം തുകയും ഗുണഭോക്താവിൽ നിന്നും കുറവ് ചെയ്ത് ട്രഷറിയിൽ ലഭ്യമായ മെഡിസെപ് പദ്ധതിയുടെ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലെ തുകയും തമ്മിൽ ഉണ്ടായ വ്യത്യാസം രണ്ടാം പോളിസി കാലഘട്ടത്തിൽ തന്നെ പരിഹരിക്കപ്പെടുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. മെഡിസെപ് കാർഡ് നൽകപ്പെടുകയും എന്നാൽ തുടർന്ന് പ്രീമിയം തുക ഗുണഭോക്താവിൽ നിന്നും കുറവ് ചെയ്യുന്നതിലേക്ക് സാധിക്കാതെ വരികയും ചെയ്യുന്ന

സാഹചര്യത്തിലാണ് ഇത്തരത്തിൽ സർക്കാർ നൽകിയ തുകയും തിരികെയെത്തിയ തുകയും തമ്മിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത്. അതിനാൽ മെഡിസെപ് ഡാറ്റാ ബേസിൽ നിലവിലുള്ള (അതായത് മെഡിസെപ് കാർഡ് ഉള്ള) എല്ലാ ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം തുക കുറവ് ചെയ്ത് അടയ്ക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേക്ക് മെഡിസെപ് ബാധകമായ സ്ഥാപനങ്ങളിലെ എല്ലാ ഡി.ഡി.ഒ. മാരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ മുൻകൂറായി സർക്കാർ നൽകുന്ന പ്രീമിയം തുക കൃത്യമായി തന്നെ സർക്കാരിന് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

I. മെഡ്കാർഡ് ലഭിക്കുകയും എന്നാൽ, സർക്കാർ മുൻകൂറായി നൽകിയ പ്രീമിയം തുക തിരികെ ലഭിക്കുന്നതിന് സാധ്യതയില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വിഭാഗം ജീവനക്കാരെ മെഡിസെപ് പദ്ധതിയുടെ രണ്ടാം പോളിസി വർഷത്തിൽ നിന്നും ഒഴിവാക്കുന്നതിലേക്ക് അത്തരക്കാരുടെ വിവരങ്ങൾ ധനകാര്യ (ഐ.ടി.എസ്.എഫ്.) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

1. കഴിഞ്ഞ പോളിസി വർഷം മരണപ്പെട്ട, അനന്തരാവകാശികളില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ.
2. 30/06/2022 വരെ വിരമിച്ച എൻ.പി.എസ്. പെൻഷൻകാരിൽ കാർഡ് ഉള്ളതും എന്നാൽ 3 വർഷത്തെ പ്രീമിയം തുക മുഴുവനായും അടയ്ക്കാത്തവരുടെയും വിവരങ്ങൾ.
3. മെഡിസെപ് കാർഡുള്ളതും ഒരു വർഷത്തിലധികം കാലഘട്ടത്തിലേക്ക് (മൂന്ന് വർഷ പോളിസി കാലയളവിൽ) ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 3 വർഷത്തേക്കുള്ള പ്രീമിയം തുക മുഴുവനായും അടക്കാത്തതുമായവരുടെ വിവരങ്ങൾ.
4. മെഡിസെപ് കാർഡുള്ളതും ഒരു വർഷത്തിൽ താഴെ (മൂന്ന് വർഷ പോളിസി കാലയളവിൽ) ശൂന്യവേതനാവധി എടുക്കുകയും എന്നാൽ ഒരു വർഷത്തെ പ്രീമിയം തുക ഒരുമിച്ച് അടക്കാത്തതുമായവരുടെ വിവരങ്ങൾ.
5. സർവ്വീസിൽ നിന്നും പിരിച്ച് വിടപ്പെട്ടവരുടെ വിവരങ്ങൾ
6. ഒരു ഗുണഭോക്താവിന് തന്നെ ഒന്നിലധികം കാർഡ് ഉണ്ടാകുകയും അതിലേക്ക് ഒന്നിൽ മാത്രം പ്രീമിയം കുറവ് ചെയ്യപ്പെടുന്നതുമായ സാഹചര്യത്തിൽ അത്തരത്തിലുള്ളവരുടെ വിവരങ്ങൾ.

7. മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട് കാർഡ് ലഭിക്കുകയും തുടർന്ന് മെഡിസെപ് നിലവിൽ ഇല്ലാത്തതുമായ സ്ഥാപനത്തിലേക്ക് ജോലി മാറി പോകുകയും ചെയ്തവരുടെ വിവരങ്ങൾ. (ഇത്തരക്കാർ മെഡിസെപ് ആനുകൂല്യം ലഭ്യമാകുവാൻ മൂന്ന് വർഷത്തെ പ്രീമിയം തുക 18,000/- രൂപ അടച്ചിട്ടുണ്ടെങ്കിൽ കാർഡ് റദ്ദാക്കേണ്ട ആവശ്യമില്ല)

8. മെഡ്കാർഡ് ലഭിച്ച ശേഷം മറ്റേതെങ്കിലും കാരണത്താൽ ജോലി ഉപേക്ഷിച്ച് പോയവരുടേയും അനുമതിയില്ലാതെ ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നവരുടെയും (deserter) വിവരങ്ങൾ.

9. മേൽ ഖണ്ഡിക (1) മുതൽ (8) പരാമർശിച്ചതല്ലാതെ മറ്റേതെങ്കിലും കാരണത്താൽ, പ്രീമിയം തുക തിരികെ ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ അത്തരം ഗുണഭോക്താക്കളുടെയും വിവരങ്ങൾ.

II) മേൽ സൂചിപ്പിച്ച വിഭാഗം ജീവനക്കാരുടെ ഡാറ്റാ ബന്ധപ്പെട്ട ഡി.ഡി.ഒ. മാർ ഡി-ആക്ടിവേറ്റ് (deactivate) ചേയ്യേണ്ടതും ആയതിനുള്ള കാരണങ്ങൾ പോർട്ടലിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

III) ഒരു വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റി -ക്ക് കീഴിൽ ഇത്തരത്തിൽ ഒഴിവാക്കേണ്ടവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് അതാത് വകുപ്പിലെ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റി -യുടെ നോഡൽ ഓഫീസർമാർ ധനകാര്യ (ഐ.ടി.എസ്.എഫ്.) വകുപ്പിൽ ഇ-മെയിൽ (info.medisep@kerala.gov.in), (info.fin@kerala.gov.in) മുഖാന്തിരവും ലഭ്യമാക്കേണ്ടതാണ്.

IV) ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിലേക്ക് ആവശ്യമായ ഡാറ്റാ ലഭ്യമാക്കുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

- 2022-23 പോളിസി വർഷത്തെ പ്രീമിയം അക്കൗണ്ടുകൾ ക്രമീകരിക്കേണ്ട തീയതി -31 ജനുവരി 2024
- 2023-24 പോളിസി വർഷത്തെ പ്രീമിയം അക്കൗണ്ടുകൾ ക്രമീകരിക്കേണ്ട തീയതി -31 ജൂലൈ 2024
- 2022 ജൂലൈ മുതൽ 2023 നവംബർ വരെയുള്ള റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (തന്നിട്ടുള്ള പ്രൊഫോർമ പ്രകാരം) സമർപ്പിക്കുന്നതിനുമുള്ള തീയതി -15 ഫെബ്രുവരി 2024.

PROFORMA FOR SUBMITTING MEDISEP PREMIUM RECONCILIATION STATEMENT TO THE ACCOUNTANT GENERAL

(TO BE FURNISHED BY HEAD OF THE DEPARTMENT)

| A | B | C | D | E | F | G | H | I | J | K |
|---|---|---|---|---|---|---|---|---|---|---|
| Sl. No. | Month | Policy Year | Total No. of employees in the department | Total no. of pensioners in the department | Premium amount (500) | Total premium deducted | Total premium paid | Amount to be collected | Date of entry in the web portal | Remarks reg: premium unpaid-Reason submitted by concerned DDOs |
| 1. | July | 2022-23 | | | | | | | | |
| 2. | August | 2022-23 | | | | | | | | |
| 3. | September | 2022-23 | | | | | | | | |
| 4. | October | 2022-23 | | | | | | | | |
| 5. | November | 2022-23 | | | | | | | | |
| 6. | December | 2022-23 | | | | | | | | |
| 7. | January | 2022-23 | | | | | | | | |
| 8. | February | 2022-23 | | | | | | | | |
| 9. | March | 2022-23 | | | | | | | | |
| 10. | April | 2022-23 | | | | | | | | |
| 11. | May | 2022-23 | | | | | | | | |
| 12. | June | 2022-23 | | | | | | | | |
| Total | | | | | | | | | | |
| 1. | July | 2023-24 | | | | | | | | |
| 2. | August | 2023-24 | | | | | | | | |
| 3. | September | 2023-24 | | | | | | | | |
| 4. | October | 2023-24 | | | | | | | | |
| 5. | November | 2023-24 | | | | | | | | |
| 6. | December | 2023-24 | | | | | | | | |

[പ്രൊഫോർമ പ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിക്കുമ്പോൾ, ഒരു വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളുടെയും സ്റ്റേറ്റ്മെന്റ് consolidate ചെയ്ത് സമർപ്പിക്കേണ്ടതാണ്. വകുപ്പുതല നോഡൽ ഓഫീസർമാർ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.]

V. ഇത്തരത്തിൽ പ്രീമിയം നൽകാതെ തന്നെ ഏതെങ്കിലും ഗുണഭോക്താവ് പദ്ധതിയിൽ തുടരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വഴി സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട ഡി.ഡി.ഒ. യും നോഡൽ ഓഫീസറും ഉത്തരവാദികളായിരിക്കും.

**ഷിബു .എ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ.) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E2410654)

ഉത്തരവിൻ പ്രകാരം

Ganesh

സെക്ഷൻ ഓഫീസർ